**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം .5484 — 01.07.2014 ൽ മറുപടിക്ക്

# ആധാർ വിവരങ്ങൾ ശേഖരിക്കുന്നതിന് നൽകിയ തുക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ.എസ്.സലീഖ | ശ്രീ.പി .കെ .കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആധാർ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഏതൊക്കെ ഏജൻസികളെയാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ ; | (എ) അക്ഷയ, കെൽട്രോൺ, ഐ.ടി@സ്കൂൾ എന്നീ ഏജൻസികളെയാണ് ആധാർ വിവരങ്ങൾ ശേഖരിക്കുന്നതിനായി സംസ്ഥാനത്ത് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഐടി@സ്കൂൾ വിവരശേഖരണമൊന്നും നടത്തിയിട്ടില്ല. |
| (ബി) പ്രസ്തുത ഏജൻസികൾക്ക് ഇതുവരെ എന്തു തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കമോ ; | (ബി) അക്ഷയ പ്രോജക്ടിന് 21,78,19,087/-രൂപയും കെൽട്രോണിന് 23-02-2014 വരെ 10,94,95,478/- രൂപയും ആധാർ വിവര ശേഖരണവുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ഏജൻസികൾ മുഖേന സംസ്ഥാനത്ത് എത്ര പേർക്ക് ആധാർ കാർഡ് നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ ; | (സി) സംസ്ഥാനത്ത് 3,04,13,725 ആധാർ നൽകിയതിൽ അക്ഷയ വഴി 1,50,67,829 ആധാറും കെൽട്രോൺ വഴി 31,37,416 ആധാറും നൽകിയിട്ടുണ്ട്. |
| (ഡി) ലക്ഷക്കണക്കിന് മലയാളികളുടെ നിർണ്ണായക വിവരങ്ങൾ കെൽട്രോൺ സ്വകാര്യ കമ്പനിക്ക് കൈമാറിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ;<br>(ഇ) എങ്കിൽ ഇതിന് വിവരസാങ്കേതിക വകുപ്പിന്റെ അറിവുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ഡി) & (ഇ) ആധാറുമായി ബന്ധപ്പെട്ട നിർണ്ണായക വിവരങ്ങൾ കെൽട്രോൺ സ്വകാര്യ കമ്പനിക്ക് കൈമാറിയിട്ടില്ല. |

| | | |
|---|---|---|
| (എഫ്) | കെൽട്രോൺ സ്വകാര്യ കമ്പനിക്ക് എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സ്വകാര്യ കമ്പനി ഏതാണെന്ന് വ്യക്തമാക്കുമോ; | (എഫ്) KYR Plus Data എന്നറിയപ്പെടുന്ന അധിക വിവരങ്ങൾ, റേഷൻ കാർഡ് നമ്പർ, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നമ്പർ തുടങ്ങിയവ, ആധാറുമായി ബന്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ, ശേഖരിക്കുന്നതിനായുള്ള സോഫ്റ്റ് വെയർ വികസിപ്പിച്ച M/s. Ospyn Technologies എന്ന കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്തിയതിന് കെൽട്രോൺ പ്രസ്തുത കമ്പനിക്ക് 69,97,405/- രൂപ നൽകിയിട്ടുണ്ട്. |
| (ജി) | ഇങ്ങനെ സ്വകാര്യ കമ്പനിക്ക് ആധാർ വിവരങ്ങൾ നൽകിയതു വഴി ഐ.ടി മിഷനും കെൽട്രോണും തമ്മിൽ 2011 ജൂൺ 30 ന് ഒപ്പിട്ട കരാർ ലംഘിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ജി) സ്വകാര്യ കമ്പനിക്ക് ആധാർ വിവരങ്ങൾ നൽകിയിട്ടില്ലാത്തതിനാൽ കരാർ ലംഘനം നടത്തിയിട്ടില്ല. |
| (എച്ച്) | പ്രസ്തുത കരാർ ലംഘനം നടത്തിയ എം.ഡി അടക്കമുള്ള കെൽട്രോൺ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എച്ച്) പ്രസക്തമല്ല. |
| (ഐ) | ഇല്ലെങ്കിൽ സർക്കാർ സത്വരമായി ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഐ) പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ